**പതിനഞ്ചാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**
**28-10-2021**

**(20) ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത**

**2021 ഒക്ടോബർ 28-ാം തീയതി, 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിന്റെ അവതരണവേളയിൽ, പ്രസ്തുത ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഖണ്ഡം 7, 9, 11 എന്നിവ പ്രകാരം രൂപീകൃതമാകുന്ന സൊസൈറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാച്ചെലവ് തുടങ്ങിയവയ്ക്കുള്ള പ്രതീക്ഷിത ചെലവ് ആവർത്തക/അനാവർത്തക ചെലവുകളായി വ്യക്തമാക്കുന്നില്ലെന്നും സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ഉണ്ടാകാവുന്ന അധികച്ചെലവ് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കാത്തത് ചട്ടലംഘനമായതിനാൽ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.**

വിജ്ഞാപനങ്ങൾവഴി രൂപീകരിക്കുന്ന ചില സമിതികളിലെ അംഗങ്ങളുടെ യാത്രാച്ചെലവും സിറ്റിംഗ് ഫീസും ബോധവത്കരണ പ്രവർത്തനച്ചെലവും മാത്രമാണ് കരട് ബിൽ നിയമമാക്കുമ്പോഴുണ്ടാകുന്നതെന്നും കരട് ബിൽ നിയമമായി പ്രാബല്യത്തിൽ വരുമ്പോൾ അനാവർത്തക ചെലവുണ്ടാകാത്തതിനാലാണ് ഉണ്ടാകുന്ന ആവർത്തകച്ചെലവുകൾ ഖണ്ഡം സഹിതം വ്യക്തമാക്കി ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനാൽ ബിൽ അവതരണം മാറ്റിവയ്ക്കേണ്ടതില്ലെന്നും ഭാവിയിൽ ഇത്തരം ആവർത്തകമോ അനാവർത്തകമോ ആയ ചെലവുകൾ ഇല്ലെങ്കിൽക്കൂടി അത് വ്യക്തമാക്കി ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കുന്നതാണെന്നും മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"ബിൽ നിയമമാകുമ്പോഴുണ്ടാകുന്ന അനാവർത്തകവും ആവർത്തകവുമായ മതിപ്പുചെലവുകളെ സംബന്ധിച്ച പരാമർശം ധനകാര്യ______മെമ്മോറാണ്ടത്തിൽ ചേർക്കണമെന്നതന്നെയാണ് കാണുന്നത്. ഭാവിയിൽ സർക്കാർ ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണെന്ന മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല."

+